'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ബഹുമാനപ്പെട്ട കൊല്ലം എം.എ.സി.റ്റി മുമ്പാകെയുള്ള ഒ.പി (എം.വി) 2250/2011 നമ്പർ വ്യവഹാരത്തിന്റെ വിധി തുക കെട്ടിവയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 4628/2026/ധന** **തീയതി, തിരുവനന്തപുരം, 26/05/2026**

പരാമർശം :-

1. ബഹുമാനപ്പെട്ട കൊല്ലം എം.എ.സി.റ്റി മുമ്പാകെയുള്ള ഒ.പി (എം.വി) 2250/2011 നമ്പർ വ്യവഹാരത്തിന്മേലുള്ള 10/09/2014 ലെ വിധി.
2. ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 11/04/2026 തീയതിയിലെ കെ.എസ്.ഐ.ഡി/സ്യൂട്ട്/എസ്1/എം.എ.സി.എ 365/2016 നമ്പർ കത്ത്.
3. ബഹുമാനപ്പെട്ട കേരള ഹൈകോടതി മുമ്പാകെയുള്ള എം.എ.സി.എ 365/2016 ലെ ഐ.എ നം.2/2016 വ്യവഹാരത്തിന്മേലുള്ള 21/03/2022 ലെ വിധി.
4. 07/05/2022 തീയതിയിലെ സ.ഉ(അച്ചടി) നം. 3456/2022/ധന ഉത്തരവ്.
5. എം.എ.സി.എ നം. 759/2015 മേലുള്ള 26/02/2026 തീയതിയിലെ ബഹ. കേരള ഹൈക്കോടതി വിധി.
6. ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 23/04/2026 തീയതിയിലെ കെ.എസ്.ഐ.ഡി/സ്യൂട്ട്/എസ്1/എം.എ.സി.എ 365/2016 നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷ്വറൻസ് വകുപ്പിൽ പരിരക്ഷയുണ്ടായിരുന്ന KL-07-AV-5291 എന്ന നമ്പറിലുള്ള വാഹനം 19/07/2011 തീയതിയിൽ അപകടത്തിൽപ്പെടുകയും ശ്രീ. ബെന്നച്ചൻ എന്നയാൾ മരണപ്പെടുകയും ചെയ്തു. ടിയാളുടെ അനന്തരാവകാശികൾ വകുപ്പിനെ മൂന്നാം എതിർകക്ഷിയാക്കി ബഹുമാനപ്പെട്ട കൊല്ലം എം.എ.സി.റ്റി മുമ്പാകെ ഒ.പി. (എം.വി) 2250/2011 നമ്പർ നഷ്ടപരിഹാര ഹർജി ഫയൽ ചെയ്തു. ബഹ. കൊല്ലം എം.എ.സി.റ്റി-യുടെ പരാമർശം (1) വിധി പ്രകാരം 7,01,000/- രൂപ (ഏഴ് ലക്ഷത്തി ആയിരം രൂപ മാത്രം) 9% പലിശ നിരക്കിൽ ഹർജി തീയതിയായ 31/12/2011 മുതൽ കെട്ടിവെക്കാനും കോടതി ചെലവിനത്തിൽ 7,000/- രൂപ നൽകാനും ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ അപ്പീൽ സാധ്യതയുണ്ടെന്ന് വകുപ്പിലെ ലോ ഓഫീസറും ഗവൺമെന്റ് പ്ലീഡറും നിയമോപദേശം നൽകിയതിനെ തുടർന്ന് 25,000/- രൂപ പ്രീ.റിക്വസിറ്റ് തുക കെട്ടിവച്ച് വകുപ്പ് അപ്പീൽ ഫയൽ ചെയ്യുകയും, തുടർന്ന് ബഹ. കേരള ഹൈക്കോടതിയുടെ പരാമർശം (3) വിധി പ്രകാരം, വിധി തുകയുടെ 75% ആനുപാതിക പലിശയും ചെലവും സഹിതം 23/05/2022 തീയതിക്കു മുൻപ് ട്രൈബ്യൂണലിൽ നിക്ഷേപിക്കണമെന്ന വ്യവസ്ഥയിൽ പ്രസ്തുത കേസിന്റെ എല്ലാ തുടർ നടപടികളിലും സ്റ്റേ അനുവദിച്ച് ഉത്തരവാകുകയും ചെയ്തു. ബഹ. കൊല്ലം എം.എ.സി.റ്റി-യുടെ പരാമർശം (1) വിധി പ്രകാരം വിധി തുകയായ 7,01,000/- രൂപയുടെ 75% ആയ 5,25,750/- രൂപയിൽ നിന്ന് പ്രീ റിക്വസിറ്റ് തുകയായ 25,000/- രൂപ കിഴിച്ചുള്ള തുകയും, ആനുപാതിക പലിശയും, ആനുപാതിക ചെലവും നല്കേണ്ടതുണ്ട് എന്നും പ്രസ്തുത തുക കെട്ടിവയ്ക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ഇൻഷ്വറൻസ് ഡയറക്ടർ ആവശ്യപ്പെടുകയും, ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (3) പ്രകാരം വിധി തുകയായ 7,01,000/- രൂപയുടെ 75% ആയ 5,25,750/- രൂപയിൽ നിന്ന് പ്രീ റിക്വസിറ്റ് തുകയായ 25,000/- രൂപ കിഴിച്ചുള്ള തുകയായ 5,00,750/- രൂപയും, ആനുപാതിക പലിശയും(9%), ആനുപാതിക ചെലവും കെട്ടിവയ്ക്കുന്നതിന് ഇൻഷ്വറൻസ്

ഡയറക്ടർക്ക് അനുമതി നൽകി സൂചന (4) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, 7,91,589/- രൂപ ബഹു. കൊല്ലം എം.എ.സി.റ്റി കോടതിയിൽ കെട്ടിവെച്ചിട്ടുണ്ടെന്നും ഇൻഷ്വറൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്.

2. പ്രസ്തുത വിധിയ്ക്കെതിരെ, ഇൻഷ്വറൻസ് വകുപ്പ് ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച MACA No. 365/2016-ഉം ഹർജിക്കാരൻ നഷ്ടപരിഹാരം വർദ്ധിപ്പിക്കണമെന്നാവശ്യപെട്ട് സമർപ്പിച്ച MACA No. 759/2015 ഉം ഒരുമിച്ച് പരിഗണിച്ച ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (5) ലെ അന്തിമ വിധി പ്രകാരം ബെന്നച്ചന്റെ അനന്തരാവകാശികൾക്ക് 21/03/2022 ലെ വിധിപ്രകാരമുള്ള വിധി തുകയ്ക്ക് അധികമായി 7,55,150/- രൂപ പരാതി തീയതി മുതൽ (31.12.2011) 7% പലിശ നിരക്കിൽ രണ്ട് മാസത്തിനുള്ളിൽ കെട്ടിവയ്ക്കാൻ ഉത്തരവായിരുന്നു. പ്രസ്തുത വിധി തുക 10 ലക്ഷത്തിലധികമായതിനാൽ (ആകെ തുക 14,56,150/- രൂപ) ആയത് കെട്ടിവയ്ക്കുന്നതിനുള്ള അനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരം ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ബഹു. കൊല്ലം എം.എ.സി.റ്റി-യുടെ പരാമർശം (1) വിധി പ്രകാരമുള്ള വിധിയുടെ ബാക്കി 25% തുകയായ 1,75,250/- രൂപയും, 26.02.2026 ലെ ബഹു. കേരള ഹൈകോടതിയുടെ പരാമർശം (6) ലെ വിധി പ്രകാരം അധികമായി അനുവദിച്ച 7,55,150/- രൂപയും ചേർത്ത് 9,30,400/- രൂപ (ഒൻപത് ലക്ഷത്തി മുപ്പതിനായിരത്തി നാന്നൂറ് രൂപ) പരാതി തീയതി മുതൽ (31.12.2011) 7% പലിശ നിരക്കിൽ കെട്ടിവയ്ക്കുവാൻ ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. പലിശ തുകയുടെ കൃത്യത ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ഉറപ്പവരുത്തേണ്ടതാണ്.

4. പ്രസ്തുത ചെലവ് "8011-ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട് -105 സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട്-98(01) ആക്സിഡന്റ് ഇൻഷ്വറൻസ് ഫണ്ട്" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്ജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, പട്ടം, പട്ടം പാലസ്.പി.ഒ, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. ഇ 2063403/എസ്റ്റാ-ഡി3/31/2022-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ